## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 467 20.10.2011 ൽ മറുപടിയ്ക്ക്

### ഗുണ്ടാസംഘങ്ങളും ക്വട്ടേഷൻ ക്രിമിനലുകളും

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ ബാബു എം. പാലിശ്ശേരി :<br>ശ്രീ എ. കെ. ബാലൻ :<br>ശ്രീ കോലിയക്കോട് എൻ. കൃഷ്ണൻ നായർ:<br>ശ്രീ റ്റി. വി. രാജേഷ് : | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) ഗുണ്ടാ സംഘങ്ങളും ക്വട്ടേഷൻ ക്രിമിനലുകളും സംസ്ഥാനത്ത് അതിക്രമം നടത്തി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) കഴിഞ്ഞദിവസം തലസ്ഥാന ജില്ലയിൽ മൂന്നുപേർ നിർദ്ദയം വെട്ടിക്കൊല ചെയ്യപ്പെട്ടത് അറിവുണ്ടോ ; | ബി) ഉണ്ട്. ഈ സംഭവത്തിന്മേൽ നെടുമങ്ങാട് പോലീസ് സ്റ്റേഷനിൽ ക്രൈം നം 1644/2011 ആയും, നെയ്യാർ ഡാം പോലീസ് സ്റ്റേഷനിൽ ക്രൈം നം. 596/2011 ആയും കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| സി) ജനങ്ങളുടെ സ്വൈരജീവിതവും സമാധാനവും തകർത്തുകൊണ്ട് ഗുണ്ടാ സംഘങ്ങൾ പരസ്പരവും, ജനങ്ങളോടും ഏറ്റുമുട്ടുമ്പോൾ പോലീസ് നിസ്സംഗരായി നോക്കി നില്ക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>ഡി) ഗുണ്ടാസംഘങ്ങളുടെ മേൽ പോലീസിന് കർശന നടപടി സ്വീകരിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് പരിശോധിക്കാൻ തയ്യാറാകുമോ;<br><br>ഇ) മുഖം നോക്കാതെ നടപടി സ്വീകരിക്കാൻ പോലീസിന് നിർദ്ദേശം നൽകാൻ തയ്യാറാകുമോ; | (സി), (ഡി) ആന്റ് (ഇ)<br><br>കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം ഗുണ്ടാ/ക്വട്ടേഷൻ സംഘങ്ങൾക്കെതിരെ പോലീസ് ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി നിർദ്ദേശങ്ങൾ നൽകുകയും അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഇന്റലിജൻസ്) - നെ സംസ്ഥാന നോഡൽ ഓഫീസറായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതുവരെ ഏകദേശം 60 പേരെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം കരുതൽ തടങ്കലിൽ വച്ചിട്ടുണ്ട്. കൂടാതെ ഗുണ്ടാ/ക്വട്ടേഷൻ സംഘങ്ങളെ സാമ്പത്തികമായി സഹായിക്കുന്ന സ്ഥാപനങ്ങളെയും, വ്യക്തികളെയും പോലീസ് സസൂക്ഷ്മം നിരീക്ഷിച്ചു വരികയും അവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും |

—

ചെയ്യുന്നുണ്ട്. ഇത് സംബന്ധിച്ച് പോലീസ് സ്റ്റേഷനുകളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ ജില്ലാ തലത്തിലും സസൂക്ഷ്മം പരിശോധിച്ച് വരുന്നുണ്ട്.

| | |
|---|---|
| എഫ്) മുൻ സർക്കാർ ഗുണ്ടാ ആക്ട് പ്രകാരം തടവിലാക്കിയ എത്ര ഗുണ്ടകൾ ഈ സർക്കാരിന്റെ കാലത്ത് ജയിലിൽ നിന്ന് പുറത്തു കടന്നിട്ടുണ്ട് ? | എഫ്) കരുതൽ തടങ്കലിന്റെ കാലാവധി (ആറ് മാസം) പൂർത്തിയാക്കിയതിനാലും കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമത്തിൻ കീഴിൽ രൂപീകരിച്ചിട്ടുള്ള ഉപദേശക ബോർഡിന്റെ റിപ്പോർട്ടിന്റെ വെളിച്ചത്തിലും ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലുമായി 29 പേർ പുറത്തിറങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ